കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്- കേരള മുനിസിപ്പൽ കോമൺ സർവ്വീസ് - അടൂർ നഗരസഭയി[illegible] വിജിലൻസ് വിഭാഗം നടത്തിയ മിന്നൽ പരിശോധന- ശ്രീ.എൻ.തുളസി യു.ഡി.ക്ലർക്കിനെതിരായ അച്ചടക്ക നടപടി - തീർപ്പാക്കി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധ)നം. **3846**/2017/തസ്വഭവ. തീയതി, തിരുവനന്തപുരം, 29.11.2017

പരാമർശം :

1 വിജിലൻസ് &ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 29.03.2010 തീയതിയിലെ ഇ 3(വിഇ 7/07/പിറ്റിഎ) 24171/2007 നം. കത്ത്

2. സർക്കാരിന്റെ 23.03.2011 തീയതിയിലെ 72995/ഇയു2/10/തസ്വഭവ നമ്പർ കുറ്റാരോപണമെമ്മോ.

3. സർക്കാരിന്റെ 23.07.2015 തീയതിയിലെ ഇയു2-49/14 തസ്വഭവ നമ്പർ കാരണം കാണിക്കൽ നോട്ടീസ്

4. കാരണം കാണിക്കൽ നോട്ടീസിന്മേൽ ശ്രീ.എൻ.തുളസി സമർപ്പിച്ച 19.10.2015 തീയതിയിലെ മറുപടി.

5. നഗരകാര്യ ഡയറക്ടറുടെ 08.07.2016 തീയതിയിലെ വി1-4832/11/നകവ നമ്പർ കത്ത്.

6. കേരളാ പബ്ലിക്ക് സർവ്വീസ് കമ്മീഷൻ സെക്രട്ടറിയുടെ 07.11.2017 തീയതിയിലെ A1 (1)5036/17/GW നമ്പർ കത്ത്.

**ഉത്തരവ്**

വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ പത്തനംതിട്ട യൂണിറ്റ് അടൂർ നഗരസഭയിൽ വിജിലൻസ് നടത്തിയ മിന്നൽ പരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടുകൾക്ക് ഉത്തരവാദികളായ ടി നഗരസഭയിലെ ജീവനക്കാർക്കെതിരെ നട[illegible] സ്വീകരിക്കുവാൻ, പരാമർശം 1ലെ കത്ത് പ്രകാരം വിജിലൻസ് ഡയറക്ടർ ശുപാർശ ചെയ്തിരുന്നു. പ്രസ്തുത വിജിലൻസ് അന്വേഷണത്തിൽ, ശ്രീ. എൻ.തുളസി, യു.ഡി.ക്ലർക്കായി അടൂർ നഗരസഭയിൽ ജോലി നോക്കവേ കേന്ദ്രസർക്കാരിന്റെ ഐ.ഡി.എസ്.എം.റ്റി പദ്ധതി 2006 മായി ബന്ധപ്പെട്ട നാല്പ വർക്കുകളുടെ ടെണ്ടർനോട്ടീസ് യഥാവിധി പത്രങ്ങളിൽ പ്രസിദ്ധീകരിക്കാത്തതുകൊണ്ട് ടി ജോലികൾക്ക് ആരും ടെണ്ടർ നൽകാതിരിക്കുകയും ആയതിനാൽ പദ്ധതി നടപ്പാക്കാൻ കഴിഞ്ഞില്ല എന്ന് കണ്ടെത്തുകയും ആയത് തദവസരത്തിൽ സെക്ഷൻ ക്ലാർക്കായിരുന്ന ശ്രീ. എൻ.തുളസിയുടെ ഭാഗത്ത് നിന്നുള്ള ഗുരുതരമായ കൃത്യവിലോപമായി

കണ്ടെത്തിയതിനെത്തുടർന്ന് ടിയാൾക്ക് സൂചന 2 പ്രകാരം കുറ്റാരോപണമെമ്മോ നൽകുകയുണ്ടായി.

2. കുറ്റാരോപണമെമ്മോയ്ക്ക് ശ്രീ. എൻ.തുളസി സമർപ്പിച്ച മറുപടിയിന്മേലുള്ള നഗരകാര്യഡയറക്ടറുടെ റിപ്പോർട്ടിന്റെയടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും, കൂടാതെ 21.08.2014 ന് ടിയാളെ സർക്കാർ നേരിൽ കേൾക്കുകയുമുണ്ടായി. പത്രങ്ങളിൽ യഥാവിധി പരസ്യം നൽകുന്നതിൽ അടൂർ നഗരസഭയിൽ യു.ഡി.ക്ലർക്കായിരുന്ന ശ്രീ. എൻ.തുളസി വീഴ്ച വരുത്തിയതായും, റീ ടെണ്ടർ നൽകിയതുമൂലം നഗരസഭയ്ക്ക് 8 ലക്ഷം രൂപയുടെ നഷ്ടം ഉണ്ടായതായും കണ്ടെത്തിയതിനെത്തുടർന്ന് കെ.എസ്.ആർ ഭാഗം 3 ചട്ടം 3(എ) പ്രകാരം അച്ചടക്കനടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി ടിയാളുടെ പ്രതിമാസ പെൻഷനിൽ നിന്നും 100/- രൂപ കുറവു ചെയ്യുവാൻ താൽക്കാലിക തീരുമാനമെടുത്ത് ടിയാൾക്ക് സൂചന 3 പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകിയിരുന്നു.

3. കാരണം കാണിക്കൽ നോട്ടീസിൻമേലുള്ള ശ്രീ. എൻ.തുളസിയുടെ മറുപടിയിൽ, ഐ.ഡി.എസ്.എം.റ്റി പദ്ധതി 2006 മായി ബന്ധപ്പെട്ട നാലു വർക്കുകളുടെ ടെണ്ടർനോട്ടീസ് പരസ്യം പത്രങ്ങളിൽ നൽകുന്ന കാര്യത്തിൽ, പത്രത്തിലേക്ക് കത്ത് തയ്യാറാക്കിയ തന്റെ ഭാഗത്തുനിന്നും യാതൊരു വീഴ്ചയും ഉണ്ടായിട്ടില്ലന്നും നഗരസഭയ്ക്ക് താൻമൂലം യാതൊരു സാമ്പത്തിക നഷ്ടവും ഉണ്ടായിട്ടില്ലന്നും ആയതിനാൽ മാനുഷിക പരിഗണന നൽകി, സേവനത്തിൽ നിന്നും വിരമിച്ച തന്റെ ഏകവരുമാനമാർഗ്ഗമായ പെൻഷനിൽ നിന്നും 100 രൂപ കുറവ് ചെയ്യുന്നതിനുള്ള തീരുമാനം ഉപേക്ഷിച്ച് തുടർനടപടികളിൽനിന്നും ഒഴിവാക്കണമെന്നുംഅപേക്ഷിച്ചിരുന്നു.

4. നഗരകാര്യഡയറക്ടറുടെ സൂചന 5 പ്രകാരമുള്ള റിപ്പോർട്ടിൻപ്രകാരം, അന്വേഷണത്തിൽ കേന്ദ്രസർക്കാരിന്റെ ഐ.ഡി.എസ്.എം.റ്റി പദ്ധതി 2006 മായി ബന്ധപ്പെട്ട നാലു വർക്കുകളുടെ ടെണ്ടർനോട്ടീസ് പരസ്യം പത്രങ്ങളിൽ നൽകുന്നതിൽ ശ്രീ. എൻ.തുളസി വീഴ്ച വരുത്തിയിട്ടില്ലന്നും കൊല്ലം മേഖലാ ജോയിന്റ് ഡയറക്ടറുടെ ഇക്കാര്യത്തിലുള്ള റിപ്പോർട്ട് പരാമർശിക്കുന്നതോടൊപ്പം, ടിയാന്റെ ഏകവരുമാനമാർഗ്ഗമായ പെൻഷനിൽ നിന്നും 100 രൂപ കുറവ് ചെയ്യുന്നതിനുള്ള തീരുമാനം മാനുഷിക പരിഗണന നൽകി പുനപരിശോധിക്കണമെന്ന് കൊല്ലം മേഖലാ ജോയിന്റ് ഡയറക്ടർ ശുപാർശ ചെയ്തിട്ടുള്ളതായി അറിയിച്ചിരുന്നു.

5. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ. എൻ.തുളസിയുടെ ഭാഗത്ത് നിന്നുള്ള വീഴ്ച മൂലം കേന്ദ്രഫണ്ട് യഥാസമയം വിനിയോഗിക്കാതെ വരികയും സർക്കാരിനും നഗരസഭക്കും നഷ്ടം ഉണ്ടായതായും വ്യക്തമായിട്ടുള്ളതിനാൽ അടൂർ നഗരസഭയിൽ നിന്നും 30.11.2013 ൽ യു.ഡി.ക്ലർക്കായി വിരമിച്ച ശ്രീ. എൻ.തുളസിക്കെതിരായി ആരംഭിച്ച അച്ചടക്കനടപടി കെ.എസ്.ആർ ഭാഗം 3 പ്രകാരം, ടിയാളുടെ പ്രതിമാസ പെൻഷനിൽ നിന്നും 100/- രൂപ ഒരുവർഷത്തേക്കു കുറവു ചെയ്തുകൊണ്ട് തീർപ്പാക്കുന്നതിന്മേൽ കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷന്റെ ഉപദേശം തേടിയിരുന്നു.

6. കേരളാ പബ്ലിക്ക് സർവ്വീസ് കമ്മീഷൻ സൂചന 6 പ്രകാരം ലഭ്യമാക്കിയ കത്തിൽ ശ്രീ. എൻ.തുളസിക്കെതിരായി ആരംഭിച്ച അച്ചടക്കനടപടി തീർപ്പാക്കുന്നതിന്മേലുള്ള സർക്കാർ തീരുമാനത്തോട് കേരളാ പബ്ലിക്ക് സർവ്വീസ് കമ്മീഷൻ യോജിക്കുന്നതായി അറിയിക്കുകയുണ്ടായി.

7. മേൽ സാഹചര്യത്തിൽ അടൂർ നഗരസഭയിൽനിന്ന് യു.ഡി.ക്ലർക്കായി വിരമിച്ച ശ്രീ. എൻ.തുളസിക്കെതിരായി, വിജിലൻസ് ശുപാർശയുടെ അടിസ്ഥാനത്തിൽ ആരംഭിച്ച അച്ചടക്കനടപടി, കെ.എസ്.ആർ ഭാഗം III ചട്ടം 3(എ) പ്രകാരം, ടിയാളുടെ പ്രതിമാസ പെൻഷനിൽ നിന്നും 100/- രൂപ ഒരുവർഷത്തേക്കു കുറവു ചെയ്തുകൊണ്ട്, തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

**എസ് മോഹൻദാസ്**
അഡിഷണൽ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം.
ശ്രീ. എൻ.തുളസി, യു.ഡി.ക്ലർക്ക്(റിട്ട.), അടൂർ നഗരസഭ (നഗരകാര്യ ഡയറക്ടർ മുഖേന)
സെക്രട്ടറി, കേരളാ പബ്ലിക്ക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ